(ബി) നിലവിൽ ഏതൊക്കെ ഫ്ലാറ്റുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ചാത്തമംഗലം, മാവൂർ, പുതുപ്പാടി, നടുവന്നൂർ സ്ഥലങ്ങളിൽ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

(സി) ബാലുശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോയെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം സമുച്ചയ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ സ്ഥലങ്ങളിൽ ബാലുശ്ശേരി ഉൾപ്പെട്ടിട്ടില്ല.

കുന്നത്തുനാട് റോഡ് പുനരുദ്ധാരണ പദ്ധതി

327 (3355) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ 24 റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഏതെങ്കിലും റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

എല്ലാ പ്രവൃത്തികളും ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്.

കുന്നത്തുനാട്ടിലെ റീബിൽഡ് കേരള പദ്ധതി

328 (3356) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly